"ഭരണഭാഷ-മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ
## ധനകാര്യ (സ്ട്രീം ലൈനിംഗ്) വകുപ്പ്
## സർക്കുലർ

നം. 89/2019/ധന തീയതി, തിരുവനന്തപുരം 18.11.2019

വിഷയം :-സർക്കാർ വകുപ്പുകൾ ട്രഷറി സംവിധാനത്തിലെ ഇ-കുബേർ/ NEFT മുഖേന ട്രാൻസ്ഫർ ചെയ്തു നല്കുന്ന തുകകൾ - ഡി.ഡി.ഒ. മാർക്കുള്ള നിർദ്ദേശങ്ങൾ -- സംബന്ധിച്ച്.

സൂചന :- ട്രഷറി ഡയറക്ടറുടെ 18.10.2019 ലെ 12140/2019 നമ്പർ കത്ത്.

സർക്കാർ വകുപ്പുകൾ വിവിധ ഗുണഭോക്താക്കൾ/സ്ഥാപനങ്ങൾ/കരാറുകാർ തുടങ്ങിയവർക്ക് അനുവദിക്കുന്ന തുകകൾ ആർ.ബി.ഐ യുടെ ഇ-കുബർ പോർട്ടൽ മുഖേന, ഓൺലൈനായി അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് കൈമാറുന്ന രീതിയാണ് ട്രഷറിയുടെ BIMS സംവിധാനം വഴി നിലവിൽ തുടർന്ന് വരുന്നത്. അങ്ങനെ സർക്കാർ വകുപ്പുകളിൽ നിന്നുമുള്ള ബിൽ തുക NEFT വഴി കൈമാറുമ്പോൾ, ഇത് അവരുടെ ബാങ്ക് സ്റ്റേറ്റ്മെന്റിൽ "Department transfer" എന്നുമാത്രം രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ഏതു വകുപ്പിൽ/ഓഫീസിൽ നിന്ന് ഏതു ബില്ലിൽ നിന്നാണ് തുക കൈമാറ്റം ചെയ്തിരിക്കുന്നത് എന്ന് അറിയാൻ സാധിക്കുന്നില്ലായെന്നും, മാത്രമല്ല, സർക്കാർ വകുപ്പുകൾ പേയ്മെന്റ് നല്കിയതിന് ഒരു രേഖയും നല്കാറില്ലെന്നും, അക്കൗണ്ട് നമ്പർ തെറ്റി രേഖപ്പെടുത്തുന്നതുമൂലം മറ്റുള്ളവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ആകുന്നത് സംഭവിക്കാമെന്നും ആയത് വെരിഫൈ ചെയ്യാനുള്ള യാതൊരു സംവിധാനവും നിലവിലില്ലായെന്നും പരാതികൾ ലഭിക്കുന്നു.

സർക്കാർ വകുപ്പുകൾ NEFT മുഖേന കൈമാറ്റം ചെയ്തു നല്കിയ തുക അവരവർക്ക് ലഭ്യമാകുമ്പോൾ "Department transfer" എന്ന വിവരത്തോടൊപ്പം ലഭ്യമാകുന്ന UTR നമ്പർ ഉപയോഗിച്ച് BIMS സൈറ്റിൽ നിന്ന് transaction details അറിയുവാൻ സാധിക്കുന്നതാണെന്നും; തുക കൈമാറ്റം ചെയ്ത വിവരം അതാത് DDO മാർ BIMS സൈറ്റിൽ നിന്നും ലഭ്യമാകുന്ന Acknowledgement receipt, ബന്ധപ്പെട്ട സ്ഥാപനത്തിന്/ഗുണഭോക്താവിന്/കരാറുകാർക്ക് ലഭ്യമാക്കിയിരുന്നുവെങ്കിൽ ഇത്തരം പരാതികൾ ഉണ്ടാകുമായിരുന്നില്ല എന്നും ട്രഷറി ഡയറക്ടർ സൂചനയിലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ വകുപ്പുകൾ NEFT മുഖേന തുക ട്രാൻസ്ഫർ ചെയ്ത വിവരം, അതാത് DDO മാർ BIMS സൈറ്റിൽ നിന്നും ലഭ്യമാകുന്ന Acknowledgement receipt, തുക കൈമാറ്റം ചെയ്തു നല്കിയ സ്ഥാപനത്തിന്/ഉണഭോക്താവിന്/കരാറുകാർക്ക് ലഭ്യമാക്കേണ്ടതാണെന്ന് എല്ലാ വകുപ്പ് മേധാവികളേയും ഡി.ഡി.ഒ മാരേയും ഇതിനാൽ അറിയിക്കുന്നു. മാത്രമല്ല UTR വിവരങ്ങൾ തിരയുന്നതിനുള്ള പൊതുസംവിധാനം https://treasury.kerala.gov.in/bims/ സൈറ്റിൽ ലഭ്യമാണെന്നതും അറിയിക്കുന്നു.

**സുരേഷ് കുമാർ ഒ.ബി**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ /ഇ & ആർ.എസ്. എ) കേരള,
തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവൻമാർക്കും

നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Manju.L

സെക്ഷൻ ഓഫീസർ